# മലയാളകവിതയിലെ ധർമവ്യാധൻ

പ്രൊഫ. കെ.വി. രാമകൃഷ്ണൻ

ഇടശ്ശേരിയുടെ കാവ്യജീവിതത്തിലേയ്ക്ക് തുറക്കുന്ന കനകകവാടമാണ് 'മാപ്പില്ല' എന്ന മനോഹരമുക്തകം.

'ചോരക്കൈവാളിനൂണാമരിയൊരജകിശോ-
രത്തെ മീളാൻകുനിച്ചു-
ള്ളോരക്കണ്ഠത്തിൽ നിന്നൂറിന മൃദുകരുണാ-
വായ്പിലാഴുമ്പൊഴെല്ലാം
ഹാ രക്ഷയ്ക്കാത്മകർമം ശരണ, മിതരമ-
ല്ലില്ല മാപ്പെന്ന ഗീരിൻ
ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ,
പിന്നെയും പിന്നെയും നീ"

എന്ന്, ഒത്ത സ്രഗ്ദ്ധരയിൽ ഒരു മുക്തം,'(മാപ്പില്ല)'- ഉർവ്വരമായ മണ്ണിൽ ഉറച്ച വേരുന്നിനിൽക്കുന്ന നീലക്കറുകയുടെ വിരൽത്തുമ്പിലെ മഞ്ഞുകണം പോലെ. ഇടശ്ശേരിയുടെ ജീവിതദർശനം മുഴുവൻ അനന്തമായ നീലാകാശം പോലെ അതിൽ നിഴലിക്കുന്നു. വേറെയും ഗീതങ്ങളെഴുതിയിട്ടുണ്ടോ ഇടശ്ശേരി? വായിച്ചതായി ഓർക്കുന്നില്ല. മൊത്തം രചനയെടുക്കുമ്പോൾ, ശ്ലോകങ്ങൾതന്നെ നന്നെ കുറവ്. അങ്ങനെയും ഈ മുക്തകം ഇടശ്ശേരികവിതകളിൽ ഒറ്റപ്പെട്ടു നിൽക്കുന്നു. ഒറ്റപ്പെട്ടു നിന്നുകൊണ്ട് , ഇടശ്ശേരിയുടെ കവിവ്യക്തിത്വത്തിലേയ്ക്ക് വാതിൽ തുറന്ന് തരുന്നു എന്നുള്ളതത്രേ "മാപ്പില്ല" എന്ന മുക്തകത്തിന്റെ സവിശേഷതയും സൗന്ദര്യവും.

മണ്ണിൽച്ചവിട്ടി നിൽക്കുന്ന പച്ചമനുഷ്യന്റെ ദുരന്തപൂർണമായ ജീവിതഗാഥയാണ് ഇടശ്ശേരിക്കവിതയുടെ മൊത്തം പ്രാണപടം. ഈ സാമൂഹികജീവിതത്തിൽ മനുഷ്യന് ദൈവത്തോളംതന്നെ മഹിമയും തുല്യപ്രധാനവുമായ സ്ഥാനം നൽകിയാലേ കവിക്ക് തൃപ്തിയാവൂ.

"ദൈവത്തെക്കൊണ്ടു പാവിട്ടും
മർത്ത്യനൂടായുമങ്ങനെ"

നെയ്തുവെച്ചതാണ്, ചിരസുന്ദരമായ ഈ സാമൂഹികജീവിതം എന്ന് ഇടശ്ശേരി നിരീക്ഷിച്ചിട്ടുണ്ട്. ഊടും പാവും ഒരു പൂർണതയുടെ പരസ്പരാപേക്ഷിതങ്ങളായ രണ്ടു ഘടകങ്ങളാണല്ലോ. മാത്രമല്ല, ദൈവവിലാസത്തിന് അഴകുണ്ടാക്കുന്നത് പിടയുന്ന മനുഷ്യജീവന്റെ സൗന്ദര്യപ്രഭവത്തിലൂടെ പ്രത്യക്ഷപ്പെടുമ്പോൾ മാത്രമാണ് എന്നും കവി പറഞ്ഞുവെച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഉയിർക്കൊളളുന്ന വികാരങ്ങളുടെ കേളിരംഗമായ മനുഷ്യൻ സുന്ദരനാണ് എന്നും കവി വിശ്വസിക്കുന്നു.

ഈ മനുഷ്യന്, ജീവിതത്തിൽ ആത്മരക്ഷോപായമായി സ്വന്തം കർമ്മം അല്ലാതെ മറ്റൊന്നില്ല എന്ന തിരിച്ചറിവിന്റെ കരിമ്പാറയിൽനിന്നാണ് ഇടശ്ശേരിക്കവിത ഉറവുപൊട്ടുന്നത്. ആട്ടിൻ കുഞ്ഞിനെ യാഗശാലയിലേയ്ക്ക് തെളിയ്ക്കുന്നത് ('യാഗശാലയിലേയ്ക്ക് നടക്കുവി-നാഗസ്വികളാമാടുകളേ,''ബിംബിസാരന്റെ ഇടയൻ') കാണുമ്പോൾത്തന്നെ 'അരുതേ' എന്നു തേങ്ങുന്നു; താഴ്ത്തിപിടിച്ച ആ കഴുത്തിനു നേരെ ചോരക്കൈവാൾ ഉയർന്നു താഴുമ്പോൾ, ആ കുരുന്നുജീവനെ രക്ഷിക്കാനായി സ്വന്തം കഴുത്ത് കുനിച്ചു കാണിച്ചുകൊടുക്കുന്നു. പക്ഷേ ഈ ബുദ്ധന്റെ കാരുണ്യത്തിനുമുമ്പിൽപോലും മനുഷ്യജീവിതം എന്ന സത്യത്തെ സാക്ഷിയാക്കി ഇടശ്ശേരി പതറാതെ പറയും: 'ഹേ പരമകാരുണികനായ ശ്രീബുദ്ധൻ, താങ്കൾക്കിതിന് അധികാരമില്ല'എന്ന്. ഇത് ക്രൂരതയാണ്. എങ്കിൽ, ഈ ക്രൗര്യം തന്റെ പൈതൃകമാണ്എന്നും കവി വിളിച്ചുപറയും.

'വിജയിക്ക മേൽക്കുമേൽ ക്രൗര്യമേ സംസ്കാര-
വിഭവത്തിലെന്നുടെ പൈതൃകം നീ.'

എന്ന്, 'മുളളൻചീര'യിൽ ഇക്കാര്യം കവി വ്യക്തമാക്കിയിട്ടുണ്ട്.

'മാപ്പില്ല' എന്ന മുക്തകത്തിലെ ആദ്യത്തെ ഈരടിയിലവതരിപ്പിച്ച ഭാവത്തോട് എതാണ്ട് സമാനമായ ഭാവം കൈകാര്യം ചെയ്യുന്ന കവിതയാണ് 'മുള്ളൻചീര'. പുതുമഴ പെയ്ത, പൂട്ടിമറിച്ച് പുതിലിറങ്ങിയ പറമ്പിൽ പടുമുള പൊട്ടിപ്പടർന്ന് പന്തലിച്ച മുള്ളൻചീര.

"ഇളവെയിൽ മോന്തിത്തുടുത്തുനിൽക്കുന്നൊരീ-
ത്തളിരണിച്ചീരയെക്കാണെക്കാണെ
ഇളകിപ്പോമേതും".

നോക്കൂ. ഇവയ്ക്കു ചുറ്റും, 'കളപദം കാറ്റിൽ കളിമ്പനൃത്തം.' 'നിർബ്ബാധരമ്യമാം സ്വൈരിത'യിൽ ഉണർവ്വിന്റെ കൊച്ചുചിറകു വിടർത്തിയോ-രുയിരുകൾ'ആണവ. അവയുടെ പച്ചത്തഴപ്പുകൾ തന്നിൽ 'ഉദഞ്ചിതഹാസം'പൊഴിക്കുന്നു. 'കുളിർ പെയ്തു' തുള്ളിച്ചാടുന്ന കുഞ്ഞാടിന്റെ ഹൃദയഹാരിയായ അസുലഭദൃശ്യംപോലെ തന്നെ. ജീവിയും ജീവനും ഇവിടെ അഭിമുഖം നിൽക്കുന്നു-പരസ്പരം നിഴലിച്ചുകൊണ്ട്. പക്ഷേ ഉഴുതുപാകപ്പെടുത്തി പുതുമഴയ്ക്ക് പുതിലിറങ്ങിയ പറമ്പിൽ നടുതല നടുവാനായി തൈകളുമെടുത്തുവരുന്ന അച്ഛന് അറിയാം, താൻ മുള്ളൻചീരയുടെ സൗന്ദര്യം കണ്ടുകൊണ്ടു നിന്നാൽ പറ്റില്ലെന്ന്. കുടുംബം പുലർത്തലാണ് അച്ഛന് ആത്മകർമ്മം. നടുതലക്കൃഷി അതിന്റെ പ്രാവർത്തിക പരിപാടിയും. ഞൊടി കൊണ്ട് അച്ഛൻ, മുള്ളൻചീര കൊത്തിക്കിളച്ചു കളഞ്ഞു. നടുതല നട്ടു നനച്ചു. വൈകുന്നേരത്തോടെ എല്ലാം കഴിഞ്ഞു. കൃതകൃത്യതയോടെ ഹൃദയെ ആഹ്ലാദം മീട്ടിപ്പാടി. മനുജനും മാടും മരവും എല്ലാമടങ്ങുന്ന ഇപ്പാരൊക്കെ സുഖിതമാവട്ടെ എന്നു പാടിപ്പഠിച്ചു പോന്നതാണ്. പക്ഷേ ഇപ്പോൾ ആത്മകർമ്മം അനുഷ്ഠിച്ചു എന്ന-ചെയ്യേണ്ടതുചെയ്തു എന്ന-സന്തോഷത്തിൽ-'കൃതകൃത്യതയ്ക്കെഴുമാഹ്ലാദവായ്പിൽ'-അറിയാതെ പാടിപ്പോയി: 'വിജയിക്കമേൽക്കുമേൽ ക്രൗര്യമേ......' 'ഹാ! രക്ഷയ്ക്കാത്മകർമ്മം ശരണ, മിതരമി; ല്ലില്ലമാ, പ്പെന്ന ഗീരിൻ ക്രൂരത്വത്താലുയർത്തപ്പെടു'ന്ന ഹൃദയത്തിന്റെ ആഹ്ലാദം തന്നെ.

ആത്മകർമ്മാനുഷ്ഠാനത്തിൽ ശ്രീബുദ്ധന്റെ ജീവകാരുണ്യത്തിനുപോലും ഇടപ്പെടാനധികാരമില്ല. മനുഷ്യനെ-ആട്ടിൻകുഞ്ഞിനെ, മുള്ളൻചീരയേയും-ദൈന്യത്തിൽനിന്ന്, ദുരന്തത്തിൽനിന്ന് രക്ഷിക്കാൻ ശ്രീബുദ്ധന്റെ, ആരുടെയും കാരുണ്യത്തിന് കഴിയുകയില്ല. അതിന് സ്വന്തം കർമ്മംതന്നെ ആശ്രയിക്കുകയേ നിവൃത്തിയുള്ളു. അതാണ് സത്യം. സത്യം തീക്കനലാണ്; ക്രൂരവും. സ്വന്തം കർമ്മമെന്ത് എന്ന് തിരിച്ചറിയുക; അത് പരമാവധി ആത്മാർത്ഥമായും പൂർണമായും സമ്യക്കായും അനുഷ്ഠിക്കുക. തുടർന്നുണ്ടാവുന്നത് എന്തും-സുഖന്തമായാലും ദുരന്തമായാലും-അനുഭവിച്ച് തീർക്കുക. അതാണ് ജീവിതം.

"സഹജം കർമ്മകൗന്തേയ!
സദോഷമപി നത്യജേത്
സർവാരംഭാ ഹി ദോഷണേ
ധൂമേനാഗ്നിരിവാവൃത"

എന്ന് ഭഗവദ്ഗീത. സദോഷമെന്നുവെച്ച് സ്വകർമ്മം അനുഷ്ടിക്കാതിരിക്കരുത്. ദോഷമരോപിക്കാൻ കഴിയാത്തതായി എന്തു കർമ്മമാണ് ലോകത്തിലുള്ളത്? പുകയില്ലാതെ തീയുണ്ടോ? സ്വകർമ്മം എന്തെന്ന് തിരിച്ചറിയുക, അത് അനുഷ്ഠിക്കുക-അതുതന്നെയാണ് ഏതൊരു മനുഷ്യനെ സംബന്ധിച്ചും അവന്റെ ധർമ്മം. അതിനാൽത്തന്നെ,

"ശ്രേയാൻ സ്വധർമ്മോ വിഗുണ:
പരധർമ്മാത് സ്വനുഷ്ഠിതാത്
സ്വധർമ്മേ നിധനം ശ്രേയ:
പരധർമ്മോ ഭയാവഹ:

ഭഗവദ്ഗീത

ഇവിടെ, കർമ്മം ചെയ്യലാകുന്നു ധർമ്മം. അതുകൊണ്ട് പരധർമ്മം നന്നായി അനുഷ്ഠിക്കുന്നതിനേക്കാൾ ശ്രേയസ്കരം, വിഗുണമെങ്കിൽപ്പോലും സ്വധർമ്മാനുഷ്ഠാനത്തിൽ നിധനം സംഭവിക്കുന്നുയെങ്കിൽപ്പോലും അത് ശ്രേയസ്സാണ്. പരധർമ്മം ഭയാവഹമാകുന്നു. ആത്മകർമ്മാനുഷ്ഠാനത്തിൽ അടിയുറച്ചുള്ള ഈ ദർശനം മഹഭാരതത്തിന്റെ പൊരുളുമാകുന്നു.

മാർക്കണ്ഡേയൻ യുധിഷ്ഠിരനോട് പറയുന്ന കഥയുണ്ട് മഹഭാരതത്തിൽ. ധർമ്മവ്യാധന്റെ കഥ. മഹഭാരതമെന്ന പാരാവാരത്തിലെ കേവലം ഒരു തുള്ളി. ആത്മകർമ്മനുഷ്ഠാനത്തിന്റെ ശ്രേഷ്ഠത മാറ്റുരച്ചു കാട്ടുന്നു ഈ ഉപകഥയും. വേദധ്യാനിയും തപോനിധിയുമായ കൗശികൻ വൃക്ഷച്ചുവട്ടിൽ വേദം ചൊല്ലിയിരുന്ന സമയം നോക്കി,

"വെള്ളിൽപ്പക്ഷി മരത്തിന്റെ
മുകളിൽച്ചെന്നിരുന്നുതേ,
അതോ പുരീഷവും വിട്ടു
ബ്രാഹ്മണന്റെ തലയ്ക്കുതാൻ."

(മഹാഭാരതം-വനപർവം
പതിവ്രതോപാഖ്യാനം-3
കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ തർജ്ജമ.)

കോപാക്രാന്തനായ കൗശികൻ ജ്വലിച്ച കൺകൊൺകൊണ്ടൊരു നോക്ക്. വലാക ഒരു പിടി ചാരം. ഒന്നു തണുത്തപ്പോൾ, 'അകൃത്യം ചെയ്തു പോയല്ലോ'എന്ന ആധിയുമായി കൗശികൻ ഭിക്ഷാടനത്തിനായി ഗ്രാമത്തിലേയ്ക്കു ചെന്നു. ഗൃഹനാഥ പാത്രം മോറിക്കൊണ്ടിരിക്കുന്ന ഒരു വീട്ടിലേയ്ക്കാണ് കയറി ചെന്നത്. 'ശരി. ക്ഷമിക്കു.'എന്നായി അവൾ. അതിനിടെ വിശന്നുവലഞ്ഞെത്തി, അവളുടെ ഭർത്താവ്. പിന്നെ, വിസ്തരിച്ച ഭർത്തൃപരിചരണം. "പതിവിൻ പടി ഭർത്താവിൻ എച്ചിലുണ്ടാൾ." ഈ സമയത്തൊക്കെ കൗശികൻ കാത്തുനിൽക്കുകയായിരുന്നു. അയാൾ തേജസ്സാലെരിയും മട്ടിൽ ക്രോധമേന്തുകയായി.

"വലാകയല്ല ഞാൻ വിപ്ര,
ക്രോധം പോക്കൂ തപോനിധേ!
ഇക്രൂദ്ധനോട്ടം കൊണ്ടെന്നിൽ
ക്രൂദ്ധനങ്ങെന്തു കാട്ടിടും?"

എന്ന് സ്വാധ്വി. തുടർന്ന് 'മർത്യന്ന് ശത്രുവാണുള്ളിൽപ്പെട്ട കോപം' എന്നുപദേശിക്കുകയും ചെയ്യുന്നു. മാത്രമല്ല, "ശ്രുതിപ്രമാണമാം ധർമ്മമെന്നല്ലോ ധർമ്മശാസനം" എന്ന് ആ വേദാദ്ധ്യായിയെ ഉപദേശിക്കാനും, "ധർമ്മതത്ത്വം നീ അറിയില്ലെന്നു മന്മതം'' എന്ന് ആ മുഖത്തു നോക്കി പറയാനും അവൾക്ക് തെല്ലും കൂസലില്ല. തുടർന്ന്,

"ഇപ്പരമമാം ധർമ്മ-
മറിഞ്ഞിടായാകിലോ ദ്വിജ!
ചോദിക്കൂ മിഥിലയ്ക്കെത്തി
ധർമ്മവ്യാധനൊടങ്ങുടൻ".

എന്നു നിർദ്ദേശിക്കുന്നു ആ ഗൃഹനാഥ. മിഥിലാപുരിയിലെത്തിയ കൗശികൻ, ധർമ്മവ്യാധനെ അന്വേഷിച്ചു കണ്ടുപിടിച്ചു. 'മാൻ, പോത്തിവറ്റിൻ മാംസങ്ങൾ വിറ്റിടുന്ന തപസ്വി'യാണ് ധർമ്മവ്യാധൻ. 'കൊള്ളുവോർ തൻ തിരക്കാലങ്ങടുക്കാൻ' പോലും നിവൃത്തിയില്ല. ഒടുവിൽ നേരിൽ കണ്ടപ്പോഴോ? 'ആ പതിവ്രതയായ സ്ത്രീ പറഞ്ഞതല്ലേ വരവ്? വന്ന കാര്യവും തനിക്കറിയാം' എന്നായി അയാൾ. ധർമ്മവ്യാധന്റെ വാക്കുകൾ കൗശികനെ അമ്പരപ്പിച്ചുകളഞ്ഞു. തുടർന്ന് ധർമ്മവ്യാധന്റെ വക ധർമ്മതത്ത്വോപദേശമാണ്, സാമാന്യം ദീർഘമായിത്തന്നെ. 'അങ്ങയ്ക്കീത്തൊഴിലൊക്കുന്നതല്ലെന്നാകുന്നു മന്മതം' എന്ന് കൗശികൻ തുടങ്ങിവെച്ചപ്പോൾ മാംസവ്യാപാരം തന്റെ ആത്മകർമ്മമാണ്, കുലധർമ്മവും എന്നു സുചിപ്പിച്ചുകൊണ്ടാണ് ധർമ്മതത്ത്വോപദേശാരംഭം. സ്വകർമ്മം സശ്രദ്ധം അനുഷ്ഠിക്കുന്നതിലെ ശുദ്ധിയിൽത്തന്നെയാണ് ഊന്നൽ എന്നർത്ഥം. മഹാഭാരതത്തിന്റെ മൊത്തം പൊരുളെന്ന് നേരത്തേ സൂചിപ്പിച്ചത് ഇതാണ്. കുരുക്ഷേത്രത്തിൽച്ചെന്നുനിന്ന് ധർമ്മാധർമ്മചിന്ത ചെയ്യുന്നതിലർത്ഥമില്ല. അവിടെ യുദ്ധം ചെയ്യുക തന്നെയാണ് ആത്മകർമ്മം. ഗുരുവിനെ നേർക്കുന്നതോ ബന്ധുക്കളെ കൊല്ലുന്നതോ അവിടെ അധർമ്മമാകുന്നില്ല. അഥവാ, അതുതന്നെയാണ് ധർമ്മം. പിതാമഹനെ എയ്തുവീഴ്ത്തുന്നത് ക്രൂരതയാവാം. പക്ഷേ, ആ ക്രൗര്യം സ്വകർമ്മനുഷ്ഠാനത്തിലെ ശുദ്ധികൊണ്ട് ശ്രേയ

സ്ക്കരമാകുന്നു. 'ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ' എന്നുതന്നെ പ്രാർത്ഥന.

ഇടശ്ശേരിയുടെ ധർമ്മബോധത്തിന്റെ അടിവേര് മഹാഭാരതത്തിലാണ് എന്ന് സാരം. ഈ പശ്ചാത്തലത്തിൽ ഇടശ്ശേരി, 'ഹാ! രക്ഷയ്ക്കാത്മകർമ്മം ശരണ,മിതരമില്ലില്ല മാപ്പെന്ന ഗീരിൻ ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ' എന്നുതന്നെ പ്രാർത്ഥന. എങ്ങനെ 'ക്രൂരത്വം' ആത്മോന്നതികരമാണ് എന്ന് എടുത്തുപറയുന്നത് ആ കവിവ്യക്തിത്വത്തിലേക്കുളള പ്രവേശമാകുന്നു.

സ്വകർമ്മം അനുഷ്ടിക്കുന്നത് ശ്രേയസ്ക്കരമാകും: ശരി എന്താണ് ആത്മകർമ്മം എന്ന് എങ്ങനെ തിരിച്ചറിയും? അവിടെയാണ് കുടുംബബന്ധങ്ങളുടെ മഹിമ. കുടുംബം പുലർത്തുക എന്നത് ഒരു പിതാവിന്റെ ആത്മകർമ്മം തന്നെ. ഈ 'പുലർത്ത'ലിൽ നേരത്തു ഭക്ഷണം കൊടുക്കൽ മാത്രമല്ല ഉൾച്ചേരുന്നുള്ളൂ. മക്കളിൽ 'വിനയാധാനം'കൂടി പിതൃകർമ്മമാകുന്നു. യഥാകാലവും യഥോചിതവുമായ വിദ്യാഭ്യാസം, അതിൽനിന്നുദിക്കുന്ന സംസ്കൃതി, ആ സംസ്കൃതിക്കിണങ്ങുന്ന ചര്യകൾ ഇതൊക്കെയാണ് വിനയം.

"പ്രജാനാം വിനയാധാനാത്
രക്ഷണാത് ഭരണാദപി
സ പിതാ; പിതരസ്താസാം
കേവലം ജന്മഹേതവ."

എന്ന് രഘുവംശത്തിൽ കാളിദാസൻ. ഈ വിനയാധാനാദി ചുമതലകൾ രാജാവിനെ ഏല്പ്പിക്കുമ്പോൾ ഇതൊക്കെ നിർവ്വഹിക്കുന്ന രാജാവ് പ്രജകളുടെ 'പിതാവ്' ആകുന്നു; അവരുടെ പിതാക്കൾ കേവലം ജൻമഹേതുക്കളും. മക്കളിൽ വിനയാധാനം ചെയ്യേണ്ടത് പിതൃധർമ്മമാണ്; അത് നിർവഹിക്കാത്ത പിതാവ് കേവലം ജൻമഹേതുവാണ് എന്നുംകൂടിയത്രേ കാളിദാസഹൃദയം. 'അങ്ങാണ് എന്റെകർമ്മങ്ങൾക്ക് അധികാരി' എന്ന് അച്ഛനോട് പറയുന്ന ഡെസ്ഡമോണ, തന്റെ കർമ്മമെന്ത് എന്ന് തന്നെ പഠിപ്പിച്ചത് അച്ഛനാണല്ലോ എന്ന് വിശദീകരിക്കുന്നിടത്ത് ഷേക്സ്പിയറും ഈ പിതൃധർമ്മത്തിൽതന്നെയാണ് ഊന്നുന്നത്. ഈ പിതൃധർമ്മാനുഷ്ഠാനത്തിന്റെ പൊരുളാണ്, 'കൈയക്ഷരം നന്നാക്കൂ' എന്ന ഉപദേശത്തിലും. (പള്ളിക്കൂടത്തിലേയ്ക്ക് വീണ്ടും). തന്റെ കൊച്ചുമകൻ ആദ്യമായി പള്ളിക്കൂടത്തിലേക്ക് പോകാൻ ഒരുങ്ങിനിൽക്കുമ്പോൾ കവിയുടെ മനസ്സ് വർഷങ്ങൾക്കുമുമ്പ് ആദ്യമായി പള്ളിക്കൂടത്തിലേക്ക് പോകാൻ ഒരുങ്ങി നിൽക്കെ അച്ഛൻ അനുഗ്രഹിച്ചോതിയ വാക്യം ഓർക്കുന്നു: 'കൈയക്ഷരം നല്ലതാക്കൂ.'

"മുൾച്ചെടിച്ചാർത്തെന്നോ മുല്ലപ്പൂക്കൾ
മൂടിവിരിച്ച വഴികളെന്നോ
മുറ്റും ഗണിച്ചീല മൽപ്പിതാവാ-
മുഗ്ധസങ്കല്പത്തെ വാർത്തെടുക്കെ,
ചൊവ്വിൽ സ്വതന്ത്രമായോരു മാർഗം
ചൊല്ലിത്തരികയേ ചെയ്തതുള്ളു,
സങ്കല്പം നന്നാ, യാത്തൃക്കഴലി-
ലെൻ കൈപ്പുമൊട്ടുകളർപ്പിതങ്ങൾ.
ഇന്നുമച്ചെത്തുവഴിയിലൂടെ
നീങ്ങുന്നിതെൻ കനപ്പെട്ട നാൾകൾ."

1974 ഒക്ടോബർ 16-ാം തീയതി കാലത്ത് പ്രാതൽ കഴിക്കാനിരിക്കെ, കിണ്ണത്തിൽനിന്ന് ദോശയെടുത്ത് പൊട്ടിച്ചപ്പോഴാണ് ഇടശ്ശേരിക്ക് തോന്നിയത്, സമയമായല്ലോഎന്ന്. അദ്ദേഹം മരിക്കുകയും ചെയ്തു. ഇതിവിടെ എടുത്തു പറഞ്ഞത്, അന്ന് പ്രാതലിനിരിക്കുന്നതിനു തൊട്ടുമുമ്പ് അദ്ദേഹമനുഷ്ഠിച്ച ആത്മകർമ്മത്തിലേയ്ക്ക് വിരൽ ചൂണ്ടാനാണ്. 'കൈയക്ഷരം നന്നാക്കൂ' എന്നാശംസിച്ചപ്പോൾ, 'ചൊവ്വിൽ സ്വതന്ത്രമായൊരു' കർമ്മപഥം ചൂണ്ടിക്കാണിച്ചുകൊടുക്കുയാണ് അച്ഛൻ ചെയ്തത്. മുള്ളു വിരിച്ചതെന്നോ മുല്ലപ്പൂക്കൾ മൂടിയതെന്നോതാനേതും ആലോചിച്ചിട്ടുമില്ല അങ്ങനെ ആശംസിച്ചപ്പോൾ. അച്ഛൻ ചൂണ്ടിക്കാണിച്ച ആ ചെത്തുവഴി വിനയപൂർവ്വം സ്വീകരിച്ച്; അവസാന

നാൾവരെ അതിലൂടെത്തന്നെ നീങ്ങുകയും ചെയ്തു. ആ കർമ്മപഥം 'കൈയക്ഷര'ത്തിന്റേതായിരുന്നു. കവിതയെഴുത്തിന്റേതെന്ന് വ്യാഖ്യാനിച്ചോളൂ. ഇടശ്ശേരി കർമ്മം കൊണ്ട് ആധാരമെഴുത്തുകാരനുമായിരുന്നു. 1974 ഒക്ടോബർ 16–ാം തീയതി കാലത്തു ദോശപ്പൊട്ടിക്കുന്നതിനു തൊട്ടു മുമ്പുവരെ അദ്ദേഹം ചെയ്തത്, അന്നു നേരത്തേ വന്ന 'കക്ഷി'കളോട് സംസാരിക്കുകയും കേസിന്റെ വിശദാംശങ്ങൾ കുറിക്കുകയും 'അന്യായം' തയ്യാറാക്കാനുളള ഒരുക്കങ്ങൾ ചെയ്യുകയും ആയിരുന്നു. ന്യായമായ കേസ്സിലും കോടതിയിൽ 'അന്യായം' കൊടുക്കുകയാണല്ലോ വേണ്ടത്. ജീവിതത്തിൽ അതിനേക്കാൾ ഭംഗിയായി ആത്മകർമ്മം അനുഷ്ഠിച്ചു തീർക്കാൻ എത്ര പേർക്കു കഴിയും?

കർമണോഹ്യപി ബോധവ്യം
ബോധവ്യം ച വികർണ:
അകർമ്മണശ്ച ബോധവ്യം
ഗഹനാ കർണാ ഗതി:

കർമ്മഗതി ഗഹനമാണുതാനും. ഒന്നേ പോംവഴിയുള്ളു; തനിക്കു ശരി എന്നു തോന്നുന്ന കർമ്മപഥം തിരഞ്ഞെടുക്കുക, അനുഷ്ഠിക്കുക. അനന്തരഫലങ്ങൾ അനുഭവിച്ചുതീർക്കുവാനുള്ള മനക്കരുത്തുണ്ടാവുകയും ചെയ്യുക.

എങ്കിൽ അപ്പോഴും സംശയമാവാം; ലക്ഷ്യം ശുദ്ധമായാൽ മാത്രം മതിയോ? അവിടെക്കുള്ള മാർഗവും ശുദ്ധമാവേണ്ടതല്ലേ? ശരിയാണ്. രണ്ടും ശുദ്ധമാവുന്നത് ഉത്തമം ആവാം. പക്ഷേ, ശുദ്ധമായ ആ രാജപാത രണ്ടു കാതം വളഞ്ഞാണെങ്കിലോ? അത്രയും വളഞ്ഞ വഴിക്കു ചെന്നെത്തുമ്പോഴേക്ക് ലക്ഷ്യം തന്നെ നിഷ്ഫലവും ശൂന്യവുമായിക്കഴിഞ്ഞാലോ? ഹിംസ്രമൃഗത്തിന്റെ തേറ്റ പോലെ മാനത്ത് അമ്പിളിക്കല. മുന്നിൽ അതിമാത്രദുസ്തരമായ കാട്. അപ്പുറത്തെത്താൻ അര നാഴികയേ നടക്കേണ്ടതുള്ളു, എങ്കിലും മരണം പതിയിരിക്കുന്ന ഒറ്റയടിപ്പാത. കാടിനക്കരെയാണ് തന്റെ ചെറ്റമാടം. അതിൽ വിശന്ന് പൊരിഞ്ഞ് തന്റെ വരവും കാത്തുകാത്തിരിക്കുന്ന ഭാര്യയും കുഞ്ഞുങ്ങളും. തോളിലെ റേഷനരിക്കിഴി നേരത്തിനെത്തിച്ച് അവരുടെ വിശപ്പടക്കുക-ജീവൻ നിലനിർത്തുക. അപകടരഹിതമായ രാജപാതയിലൂടെ രണ്ടു കാതം വളഞ്ഞ് ചെറ്റമാടത്തിലെത്തുമ്പോഴേയ്ക്ക് വിശന്നുപൊരിഞ്ഞു കാത്തിരിക്കുന്ന കുഞ്ഞുങ്ങൾ പൊലിഞ്ഞുപോയാലോ? താൻ കാട്ടുപാതയിലൂടെത്തന്നെ പോകാൻ തിരുമാനിക്കുന്നു. വിശന്ന നരി എപ്പോൾ വേണമെങ്കിലും ചാടി വീഴും. എന്നാലും, പൊരിയുന്ന കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊടുക്കുക, കുടുംബം രക്ഷിക്കുക എന്നതാണ് തന്റെ ആത്മകർമ്മം. ഈ ദുർഘടമാർഗ്ഗത്തിലൂടെ പകുതി ദൂരം പിന്നിട്ടപ്പോൾ, അവിടെ കൊടുങ്കാട്ടിൽ ധ്യാനനിരതനായിരിക്കുന്ന സാക്ഷാൽ ബുദ്ധൻ! അപകടം നിറഞ്ഞ കാട്ടുവഴിയുടെ ഓരത്ത്, തന്റെ മേൽ 'ഇരതേടും ക്രൗര്യങ്ങൾ നഖരമുരയ്ക്കുന്നതു'പോലും കണ്ടില്ല എന്നു ഭാവിച്ച്, കാട്ടിൻനടുവിൽ ആണ് സുഗതൻ ധ്യാനത്തിനിരിക്കുന്നത്. ഉചിതം തന്നെ! സുഗതൻ എന്ന പദത്തിന് ബുദ്ധൻ എന്നാണർത്ഥം, പക്ഷേ നല്ലവഴിക്ക് നടക്കുന്നവൻ എന്നും ആ പദത്തിനർത്ഥമുണ്ടല്ലോ. പണ്ട് അഹിംസയെപ്പറ്റിയും കരുണയെപറ്റിയും പേർത്തും പേർത്തും പാടി 'കഠിനമർഷത്താലേ കരൾ തിന്നാനൂന്നും വിരോധിമാരെക്കൂടി' കരയിച്ചിട്ടുണ്ട് ഈ സുഗതൻ, ഇപ്പോളിവിടെ കണ്ണുമടച്ച് ധ്യാനനിരതനായി ഇരിക്കുകയാണ്. കോർമ്പല്ലുകളിൽ മാംസം പിടിക്കുന്നതും അവയിൽനിന്നു ചോരയിറ്റുന്നതും കണ്ടില്ലെന്ന് നടിക്കാൻ പറ്റിയ മാർഗം ധ്യാനം പോലെ മറ്റെന്തുണ്ട്? അപ്പോഴാണ് പുലിയുടെ വിശന്ന ചോരക്കണ്ണുകൾ. ആലോചിച്ചു നിന്നാൽ താനതിനിര. തന്റെ ഭാര്യയും കുഞ്ഞുങ്ങളും വിശന്നെരിഞ്ഞു തീരും. കാരുണ്യമൂർത്തിയായ ബുദ്ധന്റെ കൽപ്രതിമ നരിയുടെ മേലേയ്ക്ക് മറിച്ച് മരണത്തിൽ നിന്ന് രക്ഷപ്പെട്ടു. വീട്ടിലെത്തി തന്റെ കുടുംബത്തെ രക്ഷിക്കുകയും ചെയ്തു. ലക്ഷ്യം നേടി. പക്ഷേ മാർഗമോ?

"പരമമീ ലക്ഷ്യത്തിൽ സമസ്യൃഷ്ടിച്ചെഞ്ചോര
പുരളാനിടയായ്, എൻ തെറ്റു തന്നെ
ഇരുകാതം താണ്ടി ഞാൻ വരുവോളമെൻ മക്കൾ
പൊരിയുകിൽ, ച്ചാവുകിൽ തെറ്റല്ലെന്നോ?"

(ബുദ്ധനും ഞാനും നരിയും)

ഏതു തെറ്റ്, എതു ശരി? ഏതു ധർമ്മം? ഈ ചോദ്യത്തിന് മറുപടിയില്ല. ഭീഷ്മർക്കുപോലും മറുപടിപറയാൻ പറ്റാതെ പതറിയിട്ടുണ്ടല്ലോ ഇത്തരമൊരു ചോദ്യത്തിനു മുമ്പിൽ. കുടുംബം പുലർത്തുക എന്നത് ആത്മകർമ്മം. ബുദ്ധന്റെ കാരുണ്യത്തിൽ മുഴുകി ധ്യാനിച്ചിരുന്നാലോ? കർമ്മമാർഗത്തിൽ സമസൃഷ്ടി ച്ചെഞ്ചോര ചിന്തി എന്നു വരാം; അതു ക്രൂരമാണുതാനും. പക്ഷേ ആ സത്യം അംഗീകരിക്കുകയും ആ ക്രൗര്യം ഹൃദയത്തെ ഉദാത്തീകരിക്കട്ടെ എന്നു പ്രർത്ഥിക്കുകയും ചെയ്യുകയേ പോംവഴിയുള്ളു.

"ഹാ! രക്ഷയ്ക്കാത്മകർമ്മം ശരണം, ഇതരമി-
ല്ലില്ല, മാ,പ്പെന്ന ഗീരിൻ
ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ
പിന്നെയും പിന്നെയും നീ."

ചോര ചിന്തേണ്ടി വരുന്നിടത്ത് ഇടശ്ശേരിക്ക് ഇടശ്ശങ്കയൊന്നുമില്ല എന്നർത്ഥം. നൂറു ശതമാനം ഗാന്ധിയനായ ഇടശ്ശേരിക്ക് സായുധവിപ്ലവം സ്വീകാര്യമെന്നോ? ചോര ചിന്താതെ കർമ്മപഥത്തിൽനിന്ന് വ്യതിചലിക്കാതെ അധർമ്മത്തിൽ കാലൂന്നാതെ ലക്ഷ്യത്തിൽ വീഴ്ചവരുത്തുന്നിടത്ത്, തെല്ലും ചോര ചിന്തിയാലും വിരോധമില്ല എന്നാണ് 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിൽ ഇടശ്ശേരി സമർത്ഥിക്കുന്നത്.

"മുട്ടിയ നിങ്ങളിസ്സമുദായ-
ക്കെട്ടറുത്തുപോലൊറ്റവെട്ടാലേ.
താണു നാമാദിമാനുഷരോളം
വീണു ഞങ്ങൾ, ഹാ! വെന്നിതു നിങ്ങൾ!
കുറ്റമാർക്കിതിൽ? പോംവഴി പക്ഷേ
മറ്റൊരു വിധമായിരുന്നെങ്കിൽ!

(കുടിയൊഴിക്കൽ)

എന്ന് വൈലോപ്പിള്ളി. പോംവഴി മറ്റൊരു വിധമായിരുന്നെങ്കിൽ എന്ന് ഇടശ്ശേരിയും തേങ്ങിയേക്കും. എങ്കിലും, നേടിയ ലക്ഷ്യത്തിന്റെ തിളക്കത്തിൽ, അതിന്റെ ഉദ്ദേശശുദ്ധിയിൽ സംതൃപ്തി കാണാനായിരിക്കും ഇടശ്ശേരിക്ക് ഏറെ പ്രിയം.

ഈ ക്രൗര്യത്തിന്റെ ഉദ്ദാമചൈതന്യമാണ് വർണക്കുപ്പായം എന്ന കവിതയുടേയും അന്തർധാര. സദ്സദ്ച്ചോദനകളുടെ സമവായമാണ് ഭൂമിയിലെ ഓരോ മനുഷ്യനും-വെളിച്ചവും ഇരുട്ടും പോലെ; രാവും പകലും പോലെ. പകൽ മാത്രമായി അഥവാ, രാത്രി മാത്രമായി ഒരു ദിവസമില്ലല്ലൊ. അതു കൊണ്ടു തന്നെ, വെളിച്ചത്തിന്റെ നിലനിൽപ്പ് ഇരുട്ടിലാണ്-ഇരുട്ടില്ലെങ്കിൽ വെളിച്ചമില്ല എന്നർത്ഥം. ഭൂമി മനുഷ്യന് ഉള്ളത്. മനുഷ്യൻ, ദൈവവും പിശാചും ചേർന്നുണ്ടാവുന്നു; മറിച്ചു പറഞ്ഞാൽ ദൈവവും പിശാചും മനുഷ്യനിൽ കുടി കൊള്ളുന്നു. ദൈവം മാത്രമായാൽ ഭൂമിക്ക് പാകമല്ല; പിശാചു മാത്രമായാലും. അതിനാൽ ദൈവത്തെ ആവോളം പാലിച്ചോളുക; പിശാചിനെ അമർത്തി നിർത്തുകയും ചെയ്യുക അതല്ലാതെ പിശാചാണെന്നു വെച്ച് അവനെ പാടെ ഉന്മൂലനം ചെയ്യാൻ പുറപ്പെട്ടാൽ നടപ്പില്ല. മാന്യതയുടെ വർണക്കുപ്പായം ഇടുവിക്കാം, വേണമെങ്കിൽ.

"ആത്മസത്തയിങ്കൽ നിന്നുമടർത്താനാവാത്ത ഹിംസാ
വാസനയ്ക്കു തുന്നിക്കൊള്ളു വർണക്കുപ്പായം"

പക്ഷേ, കാലം കൊണ്ട് ദേവബിംബം തേഞ്ഞ് തിരിച്ചറിയാതാവുകയും പിശാച് ആരാധനാമൂർത്തിയാവുകയും പൂജ കൈക്കൊള്ളാൻ തുടങ്ങുകയും ചെയ്തിരിക്കയാണ് നമ്മുടെ നാട്ടിൽ. ഈ ദുരന്തം സ്വാതന്ത്ര്യം കിട്ടി കാൽ നൂറ്റാണ്ടു കഴിയും മുൻപു തന്നെ ഉൾക്കണ്ണിൽക്കണ്ടു. നിൽപ്പുറയ്ക്കാതെ ഉറയുന്ന അരയാലിലയുടെ കലി വിത്തിനുള്ളിൽ കാണുന്നവൻ കവി.

അപ്പോൾ, രാവണന്റെ ആൾക്കാർ എല്ലാ ജനസ്ഥാനമാമുനിമാരേയും പിടിച്ചുതിന്നും. നരകത്തിന്റെ ഗോപുരംപോലെ ആ എച്ചിൽത്തലകൾ കുന്നു കൂടും. എല്ലാ നന്മകളും നീതിബോധങ്ങളും ഇവിടെ ബലി കഴിക്കപ്പെടുന്നു. പ്രതികരണശേഷി പണയം വെച്ച സമൂഹമന:സാക്ഷി, "പദ്മാസനത്തിലിരിപ്പും തുടമേൽ മലർന്ന കൈയും പകുതി ചിമ്മിയ കണ്ണും"ആയി, ധ്യാനത്തിലാണ്.

ഈ അകർമ്മണ്യതയ്ക്കും ഈ നിസ്സംഗതയ്ക്കും നൽകിയിട്ടുള്ള ഓമനപ്പേർ 'ആർഷ സംസ്കാരം' എന്നത്രേ. കാട്ടിൻ നടുവിൽ നരി വന്ന് നഖരമുരയ്ക്കുമ്പോഴും ഒറ്റയടിപ്പാതയോരത്ത് കണ്ണും പൂട്ടി ചമ്രം പടിഞ്ഞിരിക്കുന്നത് ബുദ്ധൻ തന്നെ. (ബുദ്ധനും ഞാനും നരിയും.) സ്വധർമ്മമെന്ത് എന്ന് വിവേചിച്ച് അത് വിട്ടുവീഴ്ചയില്ലാതെ ചെയ്യുക; അതാണ് ധർമ്മം എന്ന് തിരിച്ചറിയുക എന്ന് ഉപദേശിച്ച ഗീതയ്ക്കുമപ്പുറത്ത്, അംഗീകൃത ധർമ്മമെന്ത് എന്ന് അന്വേഷിക്കുകയും അതിന്നനുസരിച്ച് കർമ്മം ചെയ്യുകയും ചെയ്തുപോന്ന രാമൻ പോലും

'മർമ്മം പിളർത്താലുമാത്മധർമ്മ-
കർമ്മപഥഭ്രംശഭീതൻ നാഥൻ'

(ലവണാസുരവധത്തിലെ ഹനുമാൻ)

"അമർത്തുവൻ ക്രൗര്യം, ആർഷസംസ്കാരം പല്ലും നഖവും
കൊഴിക്കാത്തോരേയും കൂട്ടി മഹർഷിമാരേ!"

എന്ന് ഒരുമ്പെട്ടിറങ്ങുന്നു. തെക്കു നിന്ന് കരിമ്പുക പൊങ്ങുകയും വായുപുത്രന്റെ മുഷ്കരാട്ടഹാസം മുഴങ്ങുകയും ചെയ്യുമ്പോഴും, നമ്മുടെ മഹർഷിമാർ വെള്ളത്താടിയുമുഴിഞ്ഞ് പരസ്പരം പരാതിപറഞ്ഞ് ധ്യാനത്തിന് തണൽ തേടുന്നു. 'മഹാവനങ്ങളിൽ മാരി മാഞ്ചോര കഴുകിപ്പോകൂ'മെന്ന് അവർക്കറിയാം. നിഷ്കളങ്കതാനിഹനനം അനീതി തന്നെ. പക്ഷേ, ഏതനീതിയുടെ ചോരപ്പാടാണ് കാലം കഴുകിക്കളഞ്ഞത്?

ഗ്രാമാന്തരങ്ങളിലെ കാവുകളിൽ പടേണിയുടെ പടഹധ്വനി ഉയരുമ്പോൾ നമ്മുടെ മഹർഷിമാർ അവിടങ്ങളിലെല്ലാമെത്തി ആട്ടം കാണുന്നു.

"കാവുതോറുമോടിയെത്തി വേലകാണുവോരേ, നിങ്ങൾ
കാണുവതീയാട്ടം കഥയറിഞ്ഞുതാനോ?"

കഥയറിയാതെ ആട്ടം കാണുന്ന നിങ്ങൾ കരുതുന്നതു പോലെ, ഈ പടഹവാദ്യങ്ങളുടെ പരമതത്ത്വം,

"പദ്മാസനത്തിലിരിപ്പും തുടമേൽ മലർന്ന കൈയും
പകുതി ചിമ്മിയ കണ്ണുമാകുവാൻ വയ്യ."

അകർമ്മണ്യതയുടെ ധ്യാനത്തിൽനിന്ന് ഒരു ജനതയുടെ മന:സാക്ഷിയെ കിഴുക്കിയുണർത്താനുള്ള ആന്തരികോർജ്ജം 'വർണ്ണക്കുപ്പായം' ഉൾക്കൊള്ളുന്നു.

ആത്മകർമ്മാനുഷ്ഠാനം എന്ന നേർക്കാഴ്ചയുടെ വെളിച്ചത്തിൽ അകർമ്മണ്യത എന്ന പദം ഇടശ്ശേരിയുടെ നിഘണ്ടുവിലില്ല. ആത്മകർമ്മാനുഷ്ഠാനവേളയിൽ മുഷ്ക്കരാട്ടഹാസമോ, കരിമ്പുകയോ പൊങ്ങാം. കുറെ 'പാവം'ന്നോ 'ക്രൂര'മെന്നോ പേരിടാം; പക്ഷേ, അകർമ്മണ്യതയ്ക്ക് ഇടശ്ശേരി മാപ്പുതരില്ല. 'അമർത്തുവൻ ക്രൗര്യം' എന്നാണ് കവിവാക്യം എന്നും ശ്രദ്ധിക്കുക. 'അഴിക്കുവാൻ' എന്നോ 'അടർത്തുവാൻ' എന്നോ 'ഓടുവാൻ' എന്നോ ഒന്നും ഇടശ്ശേരി പറയുന്നില്ല. തുടച്ചു മാറ്റാൻ കഴിയാത്തതാണ് ഈ ക്രൗര്യം. ഇതു പെരുക്കുമ്പോൾ 'അമർത്താം', അടർത്താനാവില്ല. ആത്മസത്തയുടെ ഭാഗമാണിത്. 'ഹാ! രക്ഷയ്ക്കാത്മകർമ്മം ശരണം, ഇതരമി,ല്ലില്ലമാ;പ്പെന്ന ഗീരിൻ ക്രൂരത്വം' തിരിച്ചറിയുകയും, കഥയറിഞ്ഞ് ആട്ടം കാണുകയും, ആർഷ സംസ്കാരം പല്ലും നഖവും കൊഴിക്കാത്തോരേയും കുട്ടി, 'അമർത്തുവൻ ക്രൗര്യം' എന്ന് ഒരുമ്പെട്ടിറങ്ങുകയും ചെയ്യുന്ന ഒരു രാമന്റെ അയനത്തിനു വേണ്ടി നമ്മുടെ നാട് കാത്തിരിക്കുന്നു.

ആത്മകർമ്മാനുഷ്ഠാനത്തിന്റെ നിഷ്ഠയിൽ ക്രൗര്യം കാമ്യമാകുന്നു. ആദർശങ്ങളുടെ പരിവേഷം നിത്യമെന്ന് അവകാശപ്പെട്ടുകൂടാ. അവയ്ക്കും നിറംമങ്ങലേൽക്കാം. കാലഹരണപ്പെട്ടു എന്നു കാണുമ്പോൾ കൈയൊഴിയാനുള്ള മനോബലം മനുഷ്യനുണ്ടായേ തീരൂ. 'പ്രയോഗക്ഷമമല്ലാത്ത പല ആദർശങ്ങളും തനിക്കു കമ്പമാണ്' എന്ന് മുഖക്കുറിയോടെ അവതരിപ്പിച്ചിട്ടുള്ള 'പൊട്ടി പുറത്ത് ശീവോതി അകത്ത്' എന്ന കവിതയിൽ, കാലത്തിനിണങ്ങാത്തവയെല്ലാം നിരാകരിക്കുക എന്നതന്നെയാണ് ഇടശ്ശേരി ആഹ്വാനം ചെയ്യുന്നത്.

"വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം

അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം.”

ഏതാശയവും പൂജാർഹമാകുന്നത് വെളിച്ചം തൂകിക്കൊണ്ടിരിക്കുന്ന കാലത്തോളം മാത്രം. ദുരന്തമൂലമാകുന്നിടത്തുവെച്ച് അത് നിർമ്മൂല്യമാവുന്നു. പിന്നെ, കുറ്റിച്ചൂലും കലപ്പൊട്ടും ചേർത്ത് കീറമുറത്തിൽ വെച്ച് പൊട്ടിയാട്ടുക തന്നെ. അങ്ങനെ ആട്ടിക്കളയപ്പെടുന്നത് ഒരുപക്ഷേ, സമസ്യൂഷ്ടിസ്നേഹമാവാം; ആഗോളസാഹോദര്യമാവാം. വെയ്‌ലറയ്ക്കുമ്പോൾ നെല്ലുണക്കാം. പക്ഷേ, വെടിമരുന്നുണക്കാനും ആ വെയിൽച്ചൂടു തന്നെയാണ്. നെല്ലുണക്കി അരിയാക്കി, മക്കൾക്ക് ഭക്ഷണമുണ്ടാക്കികൊടുത്തോളൂ. എങ്കിലും ആ വെയിലത്ത് അയൽക്കാരൻ പായ നീർത്തുന്നത് വെടിമരുന്നുണക്കാനാണെങ്കിലോ? എങ്കിൽ അത്, ഉണക്കിക്കുത്താനോ കഞ്ഞുങ്ങൾക്കു കൊടുക്കാനോ ആവില്ല എന്ന് യഥാസമയം തിരിച്ചറിയുന്നതാണ് ബുദ്ധി.

“മുറ്റത്തിനൻ പെരുംപായ
വിരിച്ചു; തൊട്ട വീട്ടുകാർ
ഉണക്കുന്നു വെടിമരു-
ന്നെന്തേ ഞാൻ നെല്ലു ചിക്കണോ?”

എന്ന് ഇടശ്ശേരി ചോദിക്കുമ്പോൾ കാര്യം വ്യക്തമാണ്. ‘ഹിന്ദി-ചീനീ ഭായീ-ഭായീ!’ കൊള്ളാം. ഹിമാലയത്തിലെ തെളിമഞ്ഞ് മനിഷ്യച്ചോരകൊണ്ട് തുടക്കുമ്പോൾ വെയിലാറുന്നതിനു മുമ്പ്, അല്പം വെടിമരുന്ന് കടം കൊണ്ടാണെങ്കിലും ഈർപ്പം കളഞ്ഞ് സൂക്ഷിക്കുന്നത് നന്നായിരിക്കും. ക്രൂരമാവാം; പക്ഷേ, ഈ ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ എന്ന് പ്രാർത്ഥിക്കാനേ സാമാന്യ ബുദ്ധിക്ക് കഴിയൂ. ഇത്തരം പ്രതിസന്ധികളാണ് തെറ്റേത് ശരിയേത് എന്നറിയാൻ കഴിയാതെ അകം കലുഷമാക്കുക. ഏറെ വിവരമുള്ളവർ പോലും വിവേകം നശിച്ച് കുഴങ്ങും. അപ്പോൾ അശുഭത്തിൽ നിന്നുള്ള മോക്ഷത്തിന് മാർഗ്ഗമെന്ത് എന്നുപദേശിക്കാൻ ആരെങ്കിലും ഉണ്ടാവുന്നത് യുദ്ധം ജയിക്കാൻ സഹായിക്കും.

“കിം കർമ്മ കിമകർമ്മേതി
കവയോപ്യത്ര മോഹിതാ:
തത് തേ കർമ്മ പ്രവക്ഷ്യാമി.”

(ഭഗവദ്ഗീത-4.16)

എന്ന് ഭഗവദ്ഗീത. ഗീതാകാരന്റേയും വാക്കുകളുടെ ഭാഷ്യം ‘വെടിമരുന്ന് ഉണക്കിക്കോളു’ എന്നാണ് എന്ന് അർജ്ജുനൻ സാക്ഷ്യപ്പെടുത്തുന്നു. ആത്മകർമ്മം അനുഷ്ഠിക്കുകയേ പോംവഴിയുള്ളൂ എന്നർത്ഥം.

ലോകസാധാരണമായ കർമ്മമെന്ത് എന്ന് തിരിച്ചറിയുക, അതിനനുസൃതമായി സ്വകർമ്മം നിർണ്ണയിക്കുക-അതാണോ ശരി? അതോ ആത്മകർമ്മമെന്ത് എന്ന് നിർണ്ണയിക്കുക, അതനുഷ്ഠിക്കുക; അതു തന്നെയാണ് ധർമ്മം എന്നു വിവേചിക്കുകയും ചെയ്യുക-അതാണോ ശരി? മനുഷ്യനോളം പ്രായമുള്ള വികല്പങ്ങൾ, നിർവ്വികല്പനം അസാദ്ധ്യമാണ് എന്നുവരുമോ?

“ധർമ്മമാർഗ്ഗത്തിൽത്തുലോം
ഭ്രമമാണേട്ടന്നെന്നും
കർമ്മസിദ്ധാന്തങ്ങളി-
ലനുജൻ കമ്പക്കാരൻ.”

(കാളയോ കലപ്പയോ?)

ധർമ്മത്തിന്റെ ചിഹ്നം കാള; കർമ്മത്തിന്റെത് കലപ്പയും. പുതുതായി പണിത വീടിന്റെ ചുമരിൽ കാളയുടെ ചിത്രമാണെഴുതേണ്ടതെന്ന് ജ്യേഷ്ഠൻ; കലപ്പയാണ് വേണ്ടതെന്ന് അനുജൻ. തർക്കം കൊടുമ്പിരിക്കൊണ്ടപ്പോൾ ‘സൂര്യചന്ദ്രൻമാർപോലും രണ്ടു ചേരിയിൽ നിന്നു.’ രണ്ടു പക്ഷത്തിനും അനുകൂലമായ വാദമുഖങ്ങൾ ഏറെ. കാളയോ കലപ്പയോ എന്നു തീരുമാനമാകാതെ കാലം കടന്നുപോകെ, അയൽപക്കത്തെ കർഷകരൊക്കെ കാളയും കലപ്പയും ഉപയോഗിച്ച് നിലമുഴുത് കൃഷിയിറക്കി കൊയ്തു കയറ്റി; വീണ്ടും കൃഷിയിറക്കി, കൊയ്തു. ജ്യേഷ്ഠാനുജൻമാർ പാട്ടത്തിനെടുത്ത നിലം മാത്രം കാടു പി

ടിച്ചു. കാളകൾ പട്ടിണി കിടന്നു ചത്തു. കരി ചിതലുതിന്നു നശിച്ചു. ജന്മി വന്നു നോക്കുമ്പോൾ കാളയുമില്ല; കലപ്പയുമില്ല; നിലവുമില്ല. ഇനി വേണ്ടതെന്തെന്ന് ജന്മിക്കറിയാം: ചത്ത കാളയുടെ മുതുകെല്ല് കരിയാക്കി ജന്മി നിലമുഴുതു; മുടിങ്കോൽ ഇടംവലം ചീറ്റി. കഴുത്തിൽ നുകം പേറിക്കുനിഞ്ഞ ജ്യേഷ്ഠന്റേയും അനുജന്റേയും പുറത്ത് അത് ആഞ്ഞാഞ്ഞു വീണു. ഉഴുതു നിലം പാകപ്പെട്ടപ്പോൾ ജ്യേഷ്ഠനും അനിയനും കാര്യം ബോധ്യമായി; രണ്ടുപേരും ചേർന്ന് വീട്ടുചുമരിൽ ചിത്രം വര തീർത്തു: ഒന്നാന്തരം മുടിങ്കോൽ!

മുടിങ്കോൽ അധികാരത്തിന്റെ അടയാളം. ഉഴുകയും വിത്തു വിതയ്ക്കുകയും ചെയ്യുന്നത് നൂറുമേനി വിളയിച്ചെടുക്കാനാണെന്നും, നിലം ഉഴുതൊരുക്കുന്നതിൽ നുകത്തണ്ടിന്റെ ഇടതും വലതുമുള്ള കാളകൾക്ക് തുല്യപങ്കാളിത്തവും പ്രാധാന്യവും ഉത്തരവാദിത്വവുമാണെന്നും, കരിയില്ലാതെ നിലം ഉഴാനാവുകയില്ലെന്നും, ജന്മിയുടെ മുടിങ്കോൽ പ്രയോഗം തങ്ങളുടെ പുറം പൊളിക്കുകയേ ഉള്ളു എന്നും നമ്മുടെ നാട് ഇന്നും തിരിച്ചറിഞ്ഞിട്ടില്ലല്ലോ. അതുകൊണ്ടു തന്നെ മുടിങ്കോലുകൾ ഇന്നും നമ്മെ ഭരിക്കുകയും ചെയ്യുന്നു. ദീർഘദർശിയായ ഇടശ്ശേരി എന്ന ഋഷി, 'കാളയോ കലപ്പയോ' എഴുതുന്നത് സ്വാതന്ത്ര്യപ്പുലരിയുടെ തുടിപ്പ് മുഴുവനും വറ്റിപ്പോകുന്നതിന് മുമ്പ്, 1951–ൽ ആണെന്നും ഓർക്കുക. ആത്മകർമ്മം വിസ്മരിക്കുന്ന ഒരു ജനതയുടെ ദുരന്തത്തിന്റെ ദയനീയ ചിത്രം ഇതിലും സഫലമായി, ഇതിലും ക്രൂരമായി, വിത്തിൽ മരം കണ്ട് ആർക്ക് ഏതു ചായത്തിൽ വരയ്ക്കാനാകും?

നമ്മുടെ നാടിന് ഊർച്ചയേക്കാൾ സാരാഗ്ര്യം വിത്തൂന്നലാണ്. ഇറക്കുമതി ചെയ്ത സങ്കരയിനം വിത്തായാൽ ഏറെ കേമം. പക്ഷേ ഇടശ്ശേരിക്ക്, ഒരു നാടിന്റെ മൊത്തം ആത്മകർമ്മമാണ് വിത്തൂന്നൽ. അദ്ദേഹം

"ആയിരം മുളയുള്ള
വിത്തല്ലോ കർമ്മം, നല്ല-
തായിടും വിത്തത്രയും
നല്ലതേ വിളയിക്കൂ."

എന്ന് വിശ്വസിക്കുകയും ചെയ്യുന്നു. മീൻകാരൻ കുഞ്ഞൂസ്സയെച്ചൂണ്ടി, തേഞ്ഞിട്ടില്ലിന്നോളവുമവന്റെ കർമ്മൗത്സുക്യം എന്ന് ഇടശ്ശേരി പറയുമ്പോൾ അത് കവിയുടെ നെഞ്ചിനു നേരേക്കൂടി വിരൽചൂണ്ടി പറയേണ്ട അടയാളവാക്യമാണെന്ന് നാം തിരിച്ചറിയുന്നു. കുഞ്ഞൂസ്സയുടെ ആത്മകർമ്മം പത്താം വയസ്സിൽ തുടങ്ങി: തൊണ്ണൂറാംവയസ്സിലും തുടർന്നു.

എന്തവൻ വിതച്ചോരു
വിത്തൊന്നും മുളയ്ക്കായ്‌വാൻ?
എങ്ങനെ പതിർ പെട്ടു
കർമ്മമേ നിൻ കായ്കളിൽ?

എവിടെയാണ് പിഴച്ചത്? ഉഴുതു നിരപ്പാക്കാതെയാണോ വിതച്ചത്? എങ്കിൽ എത്ര കേളിപ്പെട്ട, ഏതു വിദേശ ലേബലുള്ള സങ്കരയിനം വിത്തായാലും മണ്ണിൽ വേരു പിടിക്കാതെ പോവും എന്നാണോ കവിഹൃദയം? ഏറിയ ദുരന്താനുഭവങ്ങളിലൂടെ, മഹാത്യാഗങ്ങളിലൂടെ, യാതനകളിലൂടെ, ആത്മബലികളിലൂടെ നൂറ്റാണ്ടുകൾ കടന്ന് മൂപ്പെത്തി പാകം വന്ന വിത്താണ് ബ്രിട്ടീഷ് ജനാധിപത്യ സമ്പ്രദായം. പ്രായപൂർത്തിയാവാത്ത ഇന്ത്യൻ ജനതയ്ക്ക് ഒരു സുപ്രഭാതത്തിൽ അത് അതേപടി എടുത്ത് തലയിൽ വെച്ചുകൊടുത്തു. ഊർന്നുനിരപ്പാക്കാത്ത നിലത്തല്ലേ വിത്തുവിതച്ചത്?

വിഷമതരങ്ങളാം
സാമൂഹ്യതലങ്ങളിൽ
വിഷവല്ലിക്കേ പറ്റൂ
വേരൂന്നിപ്പിടിക്കുവാൻ:

വിത്തിറക്കും മുമ്പ് നിലം ഊർന്നു നിരപ്പാക്കണം. ലോകത്തിൽ വെച്ച് ഏറ്റവും മെച്ചപ്പെട്ടതാണ് ഇന്ത്യൻ ജനാധിപത്യം എന്ന് നമുക്ക് വീമ്പുപറയാം. ആണ്ടി നല്ല അടിക്കാരനാണെന്ന് ആണ്ടിതന്നെ പറയുന്നതിലുമുണ്ടല്ലോ ഒരു ഫലിതം. കൊടുംവിഷവല്ലികൾ വേരൂന്നിപ്പിടിക്കുക മാത്രമല്ല, പൂത്തുലയുന്നു:

നിറയെ കായ്ച്ചു കൊമ്പു താഴ്ത്തുന്നു. സാധാരണക്കാരന്റെ നെഞ്ചിൽത്തന്നെ. നമ്മുടെ നാട്ടിൽ ഓരോ പൊതുതിരഞ്ഞെടുപ്പും, ഇവിടത്തെ, സാധാരണക്കാരന്റെ നിത്യജീവിതത്തിൽ കയറ്റി വെയ്ക്കുന്ന ദുരിതഭാരം എത്രയാണെന്ന് വിശദീകരിക്കേണ്ടതില്ല. പൊറാട്ടുനാടകം, അഞ്ചു വർഷത്തിലൊരിക്കൽ എന്നത് നമുക്ക് മൂന്ന് വർഷത്തിലൊരിക്കൽ എന്നാക്കിയാലെന്താ? ഇടശ്ശേരിയുടെ കുഞ്ഞൂസ്സ,

ചെങ്കല്ലാൽ തട്ടിട്ടുകൊ-
ണ്ടൊടുക്കം പണിയിക്കും
മഞ്ചത്തിൽ പള്ളിക്കാട്ടിൽ:

ഭദ്രം! ആയുഷ്ക്കാലം മുഴുവനും ആത്മകർമ്മം ചെയ്ത എല്ലാ കുഞ്ഞൂസ്സമാരും പള്ളിക്കാട്ടിൽ വിശ്രമിച്ചോളും. ഇവിടെ, വിഷവല്ലിക്കേ പറ്റൂ വേരൂന്നിപ്പിടിക്കുവാൻ. നമുക്കിപ്പോഴും സംശയം തീർന്നിട്ടില്ലല്ലോ, സാരാഗ്ര്യമേ, തൂർച്ചയോ വിത്തൂന്നലോ?

ഊർച്ചയും വിത്തൂന്നലും, എഴുതിയത് 1950-ൽ 1947-ൽ സ്വാതന്ത്ര്യം ലഭിച്ച ഇന്ത്യ, 2047-ൽ സ്വാതന്ത്ര്യത്തിന്റെ ഒന്നാം ശതാബ്ദിയാഘോഷിക്കുമ്പോൾ ഇക്കവിത പുതിയ വെളിച്ചത്തിൽ വായിക്കാനോ ഇടശ്ശേരിയുടെ ഓർമ്മയുടെ മുമ്പിൽ ഒരു തിരിവെയ്ക്കാനോ ഞാനുണ്ടാവില്ല. പക്ഷേ അവൻ വരുന്നുണ്ട്-നെറ്റിക്കണ്ണിൽ സാരാഗ്ര്യമേ, തൂർച്ചയോ വിത്തൂന്നലോ എന്ന തീക്കനലുമായി പിറക്കാനിരിക്കുന്ന ഒരു കുഞ്ഞ്.

പുത്തൻകലവും അരിവാളും കൂടിയെങ്കിലും മാപ്പിന്റെ വെളിച്ചത്തിൽ വിടർത്തിക്കാണിക്കാൻ ശ്രമിച്ചില്ലെങ്കിൽ, ഇടശ്ശേരിയുടെ ആത്മാവെനിക്ക് മാപ്പുതരില്ല. ഇനിയും നിരവധി കവിതകളുടെ അന്തശ്ചൈതന്യത്തിലേക്ക് ആഴ്ന്നിറങ്ങി നിൽക്കുന്നു മാപ്പില്ല എന്ന മുക്തകത്തിന്റെ ആണിവേരറ്റം എന്ന് ഞാനറിയുന്നു. പുത്തൻകലത്തിലെ കോമൻ, ഉഴുതുപാകപ്പെടുത്തി, ഊർന്നുനിരപ്പാക്കി വിത്തൂന്നി, മുളപ്പിച്ചു പൊലിപ്പിച്ച വിളയിൽ നിയമം കൈയേറ്റം നടത്തി. അധികാരത്തിന്മേൽ വെച്ചൂട്ടിയെടുക്കാത്ത അരിവാളുകൾ പുത്തൻകലത്തിനുചുറ്റും നിരത്തിവെച്ച്, കോമനും കൂട്ടുകാരും മുഷ്ടിചുരുട്ടി:

അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ:

ശരി അധികാരം കൊയ്തോളൂ. ഭരണം പിടിച്ചടക്കലാണ് ആത്മകർമ്മം എന്ന് ഉറച്ച ബോധ്യമുണ്ടെങ്കിൽ, അല്പം ക്രൂരമാണെങ്കിൽപ്പോലും ആ കർമ്മാനുഷ്ഠാനത്തിൽ ഇത്തിരി സമസൃഷ്ടിച്ചെഞ്ചോര ചിന്തിപ്പോയാലും വലിയ വിരോധമൊന്നുമില്ല. എത്തിച്ചേരുന്ന ലക്ഷ്യത്തിന്റെ വിശുദ്ധി അതു പൊറുത്തോളും. പക്ഷേ, കോമൻ, അധികാരം കൊയ്യണമാദ്യം, എന്നു പറയുന്നതിന്റെ പൊരുൾ അതിനുമപ്പുറത്താണ് എന്നു വിവേചിച്ചേ തീരൂ. അരിവാൾ മൂർച്ച കൂട്ടിയതുകൊണ്ടുമാത്രം അധികാരം കൊയ്യാനുള്ള അർഹത ആരും നേടുന്നില്ല. അങ്ങനെ കൊയ്തുവെയ്ക്കുന്ന അധികാരം കോമനിലേക്ക് എത്തുമ്പോഴേയ്ക്ക്,മൂടയിലിരുന്ന് പതിരായിക്കഴിഞ്ഞിരിക്കും. ഉഴുത് ഊർന്നുനിരപ്പാകാത്ത, ഇപ്പോഴും, വിഷമതരമായിക്കിടക്കുന്ന സാമൂഹ്യകതലത്തിൽ. വിത്തൂന്നിക്കൊയ്തെടുക്കാനുള്ള അവകാശമല്ല - സാതന്ത്ര്യത്തിന്റെ രജതജൂബിലി ആഘോഷിച്ചുകഴിഞ്ഞിട്ടും, നാമിന്നും ആ കൃഷിതന്നെയാണല്ലോ ചെയ്തുകൊണ്ടിരിക്കുന്നത്!- നിലം ഉഴുതുനിരപ്പാക്കി ഇവിടെ തടകൂട്ടി മുളപ്പിച്ച വിത്തു പാകാനുള്ള അവകാശമാണ്, ആദ്യം കൊയ്യേണ്ടത് - ആദ്യം സ്വന്തമാക്കേണ്ടത്. ഇവിടെ അധികാരം അർഹതയാവുന്നു. പ്രായപൂർത്തിയാകാത്ത കോമനാണ് ഇന്നും നമ്മുടെ സമൂഹം. അധികാരം കൊയ്യണമാദ്യം എന്ന് നമ്മുടെ കോമൻ അരിവാൾ മൂർച്ചകൂട്ടുന്നു. കൊയ്ത കറ്റയൊക്കെ, പുത്തൻജന്മിമാരുടെ കളങ്ങളിൽ മൂട കൂട്ടുകയും, മെതിച്ചളന്ന് പതിര് പതംവാങ്ങുകയും ചെയ്യുന്നു. നിലംപരിശാക്കിപ്പൊന്തിയ കള്ളിത്തലപോലെ പൊന്തിയ ആമീന്റെ നാളുകളിൽ, അധികാരം കൊയ്യണമെന്ന് ചുരുട്ടി ഉയർത്താൻ മുഷ്ടിയെങ്കിലും ഉണ്ടായിരുന്നു കോമന്. ഇന്നത്തെ കോമനോ? ആത്മകർമ്മാനുഷ്ഠാനത്തിലെ ക്രൗര്യം ഒരു വലിയ ഫലിതമാക്കിയ സംതൃപ്തിയിലാണ്നാം!

ഇടശ്ശേരിയുടെ ആത്മാവ് വിളിച്ചുപറയും: നിങ്ങൾക്കു മാപ്പില്ല: കാലം നിങ്ങൾക്കു മാപ്പുതരില്ല. ആരു കേൾക്കാൻ?

ഊർദ്ധ്വബാഹുർവിരോമ്യോഷ
ല ച കശ്ചിച്ഛൃണോതി മേ
എന്ന് യുഗങ്ങൾക്കുമുമ്പ്, വിളിച്ചുകേണത് വ്യാസൻ.

ഇനി, ഈ മുക്തകംതന്നെയൊന്നു കൈയിലെടുത്തുനോക്കിയാലോ? ചോര ക്കൈവാളാണ് കുറെ ബലി നടന്നതിന്റെ പിറകെയാണ് ഈ അജകിശോരത്തിന്റെ ഊഴം. കിശോരൻ, കരുണാവായ്പിന് ആഴം കൂട്ടുന്നു. ആണ്ടു കഴിഞ്ഞാൽ പിന്നെ പൊങ്ങിവരാൻ ഞെരുക്കം. ആ കാരുണ്യത്തിൽ മോചനമില്ല: അതു മുക്തിമാർഗ്ഗ മല്ല എന്നാവുമോ അകംപൊരുൾ? പിന്നെന്ത് മാർഗം? ഹാ! രക്ഷയ്ക്കാത്മകർമ്മം ശരണം. മറ്റൊന്നില്ലതന്നെ! കൈവാളിന് ഊണുകൊടുത്തോളൂ എന്ന്! സമസൃ ഷ്ടിച്ചെഞ്ചോര ചിന്തിയേക്കുമെന്നുവെച്ച് ആത്മകർമ്മം അനുഷ്ഠിക്കാതിരിക്കു മ്പോൾ അതാണ് അധർമ്മം. ഇത് ക്രൂരമാവാം, പക്ഷേ, മോചനമില്ലാത്ത ആഴ ത്തിലേയ്ക്ക് ആണ്ടുപോവുമ്പോൾ, പിടിച്ചുയർത്താൻ ഈ ക്രൂരത്വമേ കാണൂ. ക്രൂരത്വത്താലുയർത്തപ്പെടുക! നോക്കൂ, സത്യത്തിന്റെ കണ്ണും കണ്ണുകളിലെ ക്രൗര്യവും!

പദ്മാസനത്തിലിരിപ്പും തുടമേൽ മലർന്ന കൈയും
പകുതി ചിമ്മിയ കണ്ണും.

ആയുളള അകർമ്മണ്യതയാണെങ്കിൽ, ബുദ്ധന്റെ കാരുണ്യത്തെപ്പോലും, കീറമുറത്തിൽ, കറുത്ത ചോറ്റുരുളയോടു ചേർത്തുവെച്ച് പൊട്ടിയാട്ടിക്കളയണം. കാലം നൂറ്റാണ്ടുകളിലൂടെ കാത്തിരിക്കുന്നു, ഇടശ്ശേരിയുടെ ഋഷിതുല്യമായ ദർശ നത്തിന്റെ പൊരുളറിയാൻ.